**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 644** **24-08-2022 - ൽ മറുപടിയ്ക്ക്**

**കൈത്തറി വിപണനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കൈത്തറി ഉൽപന്നങ്ങളുടെ വിപണി പ്രോത്സാഹിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (എ) | സംസ്ഥാനത്ത് പരമ്പരാഗത വ്യവസായങ്ങളിൽ ഒന്നായ കൈത്തറി മേഖലയിലെ ഉല്പന്നങ്ങളുടെ വിപണി പ്രോത്സാഹിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. കേരള കൈത്തറി ഉല്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി കൈത്തറി മേളകളും വിഷു, ഓണം, ക്രിസ്തുമസ് തുടങ്ങിയ ഉത്സവ സമയങ്ങളിൽ ജില്ലാതല എക്സിബിഷനുകളും സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ നാഷണൽ ഹാന്റ്ലൂം ഡവലപ്മെന്റ് പ്രോഗ്രാമിന്റെ (എൻ.എച്ച്.ഡി.പി) സഹായത്തോടെ നാഷണൽ ഹാന്റ്ലൂം എക്സ്പോയും സ്റ്റേറ്റ് ഹാന്റ്ലൂം എക്സ്പോയും നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഹാന്റക്സിന്റെ കേരളത്തിലെ 89 ഷോറൂമുകൾ വഴിയും ഹാൻവീവിന്റെ 36 ഷോറൂമുകൾ വഴിയും കൈത്തറി ഉല്പന്നങ്ങളുടെ വിപണനം നടത്തി വരുന്നു. വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി കൈത്തറി ഉല്പന്നങ്ങൾക്ക് 20% റിബേറ്റും നൽകുന്നുണ്ട്.<br><br>കൈത്തറി ഉല്പന്നങ്ങളുടെ വിപണനം ത്വരിതപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാരിന്റെ e-shipmart.gov.in, Gem Portal എന്നിവയിൽ രജിസ്റ്റർ ചെയ്യുന്നതിനായി കൈത്തറി സഹകരണ സംഘങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. രജിസ്ട്രേഷൻ പുരോഗമിച്ചുവരുന്നു. ഇതുവഴി കൈത്തറി ഉല്പന്നങ്ങളുടെ വിപുലമായ വിപണനം സാധ്യമാകുന്നതാണ്.<br><br>കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (K-Bip) മുഖേന ഓൺ ലൈൻ വ്യാപാരത്തിനായി രൂപീകരിച്ച കേരള ഇ-മാർക്കറ്റ് പോർട്ടലിലൂടെയും കൈത്തറി ഉല്പന്നങ്ങളുടെ വിപണന സാധ്യത ഒരുക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ